നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച ഫയലുകളിന്മേൽ ധനകാര്യ വകുപ്പ് ചില വിശദീകരണങ്ങൾ ആവശ്യപ്പെട്ടു. അത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

22. ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമാക്കൽ

ശ്രീ. രാജു എബ്രഹാം: സർ, കേരളത്തിൽ ഏറ്റവും കൂടുതൽ ഉറപ്പുകൾ ലഭിച്ചിട്ടുള്ളത് ശബരിമല ദേശീയ തീർത്ഥാടന കേന്ദ്രമാക്കുമെന്ന പേരിലാണ്. കഴിഞ്ഞ യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് എട്ട് മന്ത്രിമാർ കേരളത്തിൽനിന്നും ഉണ്ടായിരുന്നിട്ടും ശബരിമല ദേശീയ തീർത്ഥാടന കേന്ദ്രമാക്കിയില്ല. മുമ്പ് ബി.ജെ.പി. ഗവൺമെന്റ് വന്നപ്പോഴും ആക്കിയില്ല. ശ്രീ. നരേന്ദ്ര മോദി കേരളത്തിൽ വരുമ്പോൾ ദേശീയ തീർത്ഥാടന കേന്ദ്രമാക്കുമെന്ന് പറഞ്ഞ് വലിയ പ്രചരണമുണ്ടായിരുന്നു. ഇക്കാര്യത്തെ സംബന്ധിച്ച് മുഖ്യമന്ത്രി നിവേദനം കൊടുത്തിട്ടും ദേശീയ തീർത്ഥാടന കേന്ദ്രമാക്കിയില്ല. ഇനിയെങ്കിലും ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമാക്കി പ്രഖ്യാപിക്കാൻ ദേവസ്വം വകുപ്പുമന്ത്രിയെന്ന നിലയിൽ അങ്ങ് ആത്മാർത്ഥമായി മുൻകൈ എടുക്കുമോയെന്നാണ് അറിയേണ്ടത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ശബരിമല ശ്രീധർമ്മശാസ്താ ക്ഷേത്രം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ളതും പെരിയാർ ടൈഗർ റിസർവ് വനപ്രദേശത്താൽ ചുറ്റിക്കിടക്കപ്പെടുന്നതും ഇന്ത്യയിലേയും വിദേശത്തെയും നിരവധി തീർത്ഥാടകർ എല്ലാ വർഷവും തീർത്ഥാടനത്തിനായി എത്തിച്ചേരുന്നതുമായ ക്ഷേത്രമാണ്. ജാതിമത വ്യത്യാസമില്ലാതെ നാനാതുറയിലുള്ള തീർത്ഥാടകർ എത്തിച്ചേരുന്ന ഈ ക്ഷേത്രം ഒരു ദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. എല്ലാ വർഷവും ഏകദേശം മൂന്നു കോടിയിലേറെ തീർത്ഥാടകർ നവംബർ മുതൽ ജനുവരി വരെയുള്ള മാസങ്ങളിൽ തീർത്ഥാടനത്തിന് എത്തിച്ചേരുന്നതായി കണക്കാക്കപ്പെടുന്നു. ശബരിമല തീർത്ഥാടകർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കുന്നതിലേക്കായി ദേവസ്വം ബോർഡ് പദ്ധതികൾക്കു പുറമെ കോടിക്കണക്കിന് രൂപ സംസ്ഥാന സർക്കാർ ചെലവഴിക്കുന്നുണ്ട്. മാസ്റ്റർ പ്ലാൻ പദ്ധതി നടപ്പിലാക്കാൻ ഇതിനകം തന്നെ അറുപത്തിയഞ്ചു കോടി രൂപ ബഡ്ജറ്റിൽ ഉൾപ്പെടുത്തി അനുവദിച്ചുകഴിഞ്ഞു. ആ പദ്ധതികളെല്ലാം നടപ്പിലാക്കി കഴിഞ്ഞു. വിവിധ സർക്കാർ വകുപ്പുകളും സൗകര്യങ്ങൾ ഒരുക്കുന്നതിനുവേണ്ടി അതത് വകുപ്പുകളുടെ ബഡ്ജറ്റ് വിഹിതത്തിൽനിന്ന് വൻതുക ചെലവഴിച്ചുവരുന്നുണ്ട്. വനഭൂമി ലഭ്യമാകാത്തതാണ് ശബരിമല വികസനത്തിനുള്ള പ്രധാന തടസ്സം. ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിച്ചാൽ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ വനഭൂമി ലഭ്യമാക്കുന്നതിന് കഴിയും. തീർത്ഥാടകർക്കാവശ്യമായ കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിന് ഇത് സഹായകമാകും. ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും

LIBRARY ARCHIVES Kerala Legislative Assembly

വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ 'പ്രസാദ്' പദ്ധതിയിൽ ഉൾപ്പെടുത്തി 420 കോടി രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട കൊണ്ടും 11-12-2015-ൽ മുഖ്യമന്ത്രിയും ഞാനും പ്രധാനമന്ത്രിയെ നേരിൽ സന്ദർശിച്ച് ചർച്ച നടത്തുകയും നിവേദനം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന് മുമ്പുതന്നെ കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് വനം-പരിസ്ഥിതി വകുപ്പുമന്ത്രിക്കും പ്രധാനമന്ത്രിക്കും നിവേദനം നൽകിയിരുന്നു. ഇന്ന് വൈകുന്നേരം പ്രധാനമന്ത്രിയെ കാണുമ്പോൾ ഈ ആവശ്യം ശക്തമായി ഉന്നയിക്കുന്നതും ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമാക്കി മാറ്റുന്നതിനുള്ള ധനസഹായം നൽകണമെന്ന് അഭ്യർത്ഥിക്കുന്നതുമാണ്.

VI മേശപ്പുറത്തുവച്ച കടലാസുകൾ

(1) ചട്ടം 47 (2) അനുസരിച്ചുള്ളത് ലിസ്റ്റ് I പ്രകാരം

1. വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 4348, പന്ത്രണ്ടാം സമ്മേളനത്തിലെ 4680, പതിനാലാം സമ്മേളനത്തിലെ 2485, 2495, 2503, 2506, 2508, 2510, 2520 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

2. റവന്യൂവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 2846, പതിനാലാം സമ്മേളനത്തിലെ 5197 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

(2) ചട്ടം 236 (6) അനുസരിച്ചുള്ളത് ലിസ്റ്റ് II പ്രകാരം

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രിക്കുവേണ്ടി ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി.

LIBRARY ARCHIVES Kerala Legislative Assembly